# പതിമൂന്നാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6574 - 09/07/2014 -ലെ മറുപടിക്ക്**

**ധനോത്തരവാദ നിയമപ്രകാരം ഉള്ള ലക്ഷ്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു . റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ.സി. കെ.നാണു<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ധനോത്തരവാദ നിയമപ്രകാരം ഉള്ള ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | 2011 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരം റവന്യൂകമ്മി 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചു കൊണ്ടു വരുന്നതിലൂടെ 2011 ഏപ്രിൽ 1 ന് ആരംഭിച്ച് 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കേണ്ടതാണ്.<br><br>2011-12, 2012-13 എന്നീ വർഷങ്ങളിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ നിലനിർത്തിക്കൊണ്ട് 2013-14 ൽ 3 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 എപ്രിൽ 1 ന് ആരംഭിച്ച് 2014 മാർച്ച് 31 ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്.<br><br>2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 32.3 ശതമാനം, 31.7 ശതമാനം, 30.7 ശതമാനം, 29.8 ശതമാനം എന്ന ക്രമത്തിലേക്ക് കുറച്ചു കൊണ്ടു വരുന്നതിലൂടെ 2011 ഏപ്രിൽ 1 ന് ആരംഭിച്ച് 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ |

| | |
|---|---|
| | കടബാദ്ധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിൻെറ 29.8 ശതമാനമായി കുറയ്ക്കുകയും ചെയ്യേണ്ടതുമാണ്.<br><br>സാമൂഹ്യ ആരോഗ്യ മേഖലകളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ നിലനിറുത്തുവാനും, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്, ആസ്തി സംരക്ഷണ ഫണ്ട് എന്നിവയ്ക്കായും, ഈ മേഖലകളിലെ പുതിയ പദ്ധതികൾക്കായും വർദ്ധിച്ചതോതിൽ തുക ചെലവഴിക്കേണ്ടി വരുന്നതും കാരണം റവന്യൂ ചെലവ് ഗണ്യമായി കുറച്ചു കൊണ്ടു വരാൻ സംസ്ഥാനത്തിന് സാധ്യമായിട്ടില്ല. വർദ്ധിച്ചു വരുന്ന റവന്യൂ ചെലവ് മൂലവും പ്രതീക്ഷിച്ചനിലയിൽ റവന്യൂ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകാത്തത് മൂലവും ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം, 2011 ൽ ലക്ഷ്യമിട്ടതു പോലെ റവന്യൂ കമ്മിയും ധനകമ്മിയും ക്രമാനുഗതമായി കുറച്ചു കൊണ്ടു വരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. എന്നാൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയുടെ കാര്യത്തിൽ 2011-12, 2012-13, 2013-14 (പ്രാഥമിക കണക്കുകൾ പ്രകാരം) വർഷങ്ങളിൽ ലക്ഷ്യം നേടാൻ സാധിച്ചിട്ടുണ്ട്. |
| (ബി) ലക്ഷ്യം കൈവരിക്കാതിരുന്നാലുള്ള ഭവിഷ്യത്തുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | റവന്യൂ കമ്മിയും ധനകമ്മിയും ക്രമാനുഗതമായി ഇല്ലാതാക്കുന്നതിനും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായ വിധം കടത്തിന്റെ സ്ഥായിയായ മാനേജുമെന്റിലൂടെയും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിലെ വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തികനയം നടപ്പാക്കിക്കൊണ്ട് സാമ്പത്തിക സുസ്ഥിരത നേടിയെടുക്കുന്നതിനുള്ള ലക്ഷ്യങ്ങളാണ് കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിൽ വ്യവസ്ഥ ചെയതിട്ടുള്ളത്. ദീർഘകാലം ഈ ലക്ഷ്യങ്ങൾ കൈവരിക്കാതിരിക്കുന്നത് സാമ്പത്തിക അസ്ഥിരതയ്ക്ക് കാരണമാകും. |

**സെക്ഷൻ ഓഫീസർ**